<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2804**</u> <u>**12-07-2022 - ൽ മറുപടിയ്ക്ക്**</u>

<u>**വാളയാർ വനമേഖലയിലെ സംരക്ഷണവേലി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യമൃഗങ്ങളുടെ ശല്യം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള വാളയാർ വനമേഖലയിലെ സംരക്ഷണവേലിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിലുള്ള പാലക്കാട് ഡിവിഷന് കീഴിലുള്ള വാളയാർ വനമേഖലയിൽ നിലവിൽ 69.64 കി.മീ. ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 9.5 കി.മീ. ഹാങ്ങിംഗ് ഫെൻസിങ്ങിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | ആകെ എത്ര നീളത്തിലാണ് സംരക്ഷണവേലി നിർമ്മിക്കുന്നതെന്നും ഇതിനായി അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ? | (ബി) | 69.64 കി.മീ ദൂരത്തിലുള്ള സൗരോർജ്ജ വേലിക്കായി 110.39 ലക്ഷം രൂപയും 9.5 കി.മീ ദൈർഘ്യമുള്ള ഹാങ്ങിംഗ് ഫെൻസിങ്ങിന്റെ നിർമ്മാണത്തിനായി 53.40 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ